**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2391** **30-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എ. ബി. സി. സെന്ററുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും മൃഗാശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | തെരുവ് നായ ആക്രമണങ്ങൾ തടയുന്നതിനും തെരുവ് നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടേയും, മൃഗസംരക്ഷണവകുപ്പ് മന്ത്രിയുടെയും സംയുക്ത അധ്യക്ഷതയിൽ 16.07.2025 ൽ ഒരു യോഗം ചേരുകയും തുടർന്ന് ഓരോ ബ്ലോക്ക് പഞ്ചായത്തിലും 1 വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ എ ബി സി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുന്നത്തിനു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രാവർത്തികമാകുന്നതോടുകൂടി എ. ബി. സി. സെൻ്ററുകളിൽ ആനുപാതികമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിക്കുകയും പോർട്ടബിൾ സെൻ്ററുകൾ സ്ഥാപിക്കുന്നതരോടുകൂടി എ ബി സി പ്രോഗ്രാമുകൾ കൂടുതൽ സൗകര്യപ്രദമാകുകയും ചെയ്യും. |
| (ബി) | തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ 18 എബിസി സെൻ്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്ത് 152 ബ്ലോക്ക് പഞ്ചായത്തുകൾ ഉണ്ട്. നിലവിൽ ABC യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, പോർട്ടബിൾ ABC യൂണിറ്റ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ